ലക്കം 29
ജൂൺ 2022

# ഇശൽ പൈതൃകം

ത്രൈമാസിക

Volume 29
June 2022

മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിളകലാ അക്കാദമി
കൊണ്ടോട്ടി
സാംസ്കാരിക കാര്യ വകുപ്പ്
കേരള സർക്കാർ

ISSN:2582-550X



## ഉള്ളടക്കം

പാരിസ്ഥിതിക വിവേകം 03
ഡോ. ഷംഷാദ് ഹുസൈൻ കെ.ടി

സ്വത്വവും ചരിത്രവും: കൊടുവള്ളി അബ്ദുൾഖാദറിന്റെ ചുവന്ന തിരമാലകൾ, പത്താരമാടി എന്നീ നോവലുകളെ മുൻനിർത്തിയുള്ള വായന 09
ഡോ.ജി. ഉഷാകുമാരി

കാവി: ആത്മന്റെയും ആത്മകഥയുടെയും പ്രതിവ്യവഹാരം 22
നൗഷാദ് എസ്

നിസാഉൽ ഇസ്‌ലാം: അറബിമലയാള വനിതാ മാസികയും മുസ്‌ലിം സ്ത്രീസ്വത്വ നിർമ്മിതിയും 34
മുഹമ്മദ് ബഷീർ കെ.കെ

സത്യമാർഗാന്വേഷകൻ അവിടുന്നല്ലാതാരുണ്ട് 49
സജിത കിഴിനിപ്പുറത്ത്

ദലിത് ആത്മാഖ്യാനങ്ങൾ: സാമൂഹികതയും വ്യവഹാരവും 62
രവി. കെ.പി

ചരിത്രവിനിമയം ബോണി തോമസിന്റെ കഥകളിൽ 79
രമ്യാമോൾ ജി
ഡോ. ബെന്നിച്ചൻ സ്കറിയ

കേരള മുസ്ലീം ഐക്യസംഘം: നവോത്ഥാനത്തോടുള്ള സംവാദങ്ങൾ 87
അഞ്ജലി മോഹൻ. എം.ആർ

മലയാളസിനിമയിലെ മോയിൻകുട്ടിവൈദ്യരുടെ മാപ്പിളപ്പാട്ട് ഇശലുകൾ 84
മുഹമ്മദ്റാഫി എൻ വി



ദേശവും ദേശഭാവനയും: ഇ.സന്തോഷ് കുമാറിന്റെ കഥകളിലെ ദേശീയതാസങ്കല്പനങ്ങൾ (പാവകളുടെ വീട്, ഊഴം എന്നീ ചെറുകഥകളെ അടിസ്ഥാനമാക്കിയുള്ള പഠനം) 116
ഡോ. ലിജി എൻ

മിത്തിന്റെ പുനർനിർമിതി: സാറാജോസഫിന്റെ രാമായണകഥകളിൽ 138
ഡോ. ഷീബാദിവാകരൻ

സാഹിത്യചരിത്രവും സാഹിത്യഗവേഷണവും 'അഗ്രപൂജ'യെ മുൻനിർത്തി ചില വിചാരങ്ങൾ 148
രാധാകൃഷ്ണൻ ഇളയിടത്ത്

ആധുനികതയുടെ സമാന്തരപാതകൾ: ജോർജ് ഓണക്കൂർ കഥകളുടെ വായനകൾ 157
ഡോ. സ്റ്റാലിൻദാസ് പടിഞ്ഞാറെ പുരക്കൽ

**Her Right to Divorce: No Court, Nor He!** 167
*Sheena Shukkur*

**The Art and Politics of Polyphony in Tamil Women Representation: A Reading of Meena Kandasamy's Prose *The Orders were to Rape You*** 182
*Rincy Saji*

***Purdein Mein Rehne Do*: A Study of Veil in Popular Bollywood Movies** 196
*Shani.A.Mopila*

**Imposition of Alien Rule: Colonial Motives and Education in Kerala** 213
*Mujeeb Rahiman K.G*

ISSN:2582-550X

ഗ്രന്ഥസൂചി

നൗഷാദ് എസ്. 2017. *വീരപൂജനവും വിശ്വമാസ്ത്രീയും*. പാഠശാല പബ്ലിക്കേഷൻസ്.

മാഘവവാര്യർ, രാജൻ ഗുരുക്കൾ. 2012. *മിത്തും സമൂഹവും*. കോട്ടയം: എൻ ബി എസ്.

രാജൻ ഗുരുക്കൾ. 2013. *മിത്ത് ചരിത്രം സമൂഹം*. കോട്ടയം: എൻ ബി എസ്.

സാറാ ജോസഫ്. 2017. *പുതുരാമായണം*. തൃശൂർ: കറന്റ് ബുക്സ്

----2015. *സാറാജോസഫിന്റെ സമ്പൂർണകഥകൾ*. തൃശൂർ: കറന്റ് ബുക്സ്.

Kate Millet. 2016 *Sexual Politics*. Columbia University Press.

ഡോ. ഷീബാദിവാകരൻ
അസോസിയേറ്റ് പ്രൊഫസർ
മലയാള വിഭാഗം
ഗവ. ആർട്സ് & സയൻസ് കോളേജ്
കോഴിക്കോട്
Pin: 673018
Mob: +91 9495760561
email: cpbsheeba@gmail.com





# സാഹിത്യചരിത്രവും സാഹിത്യഗവേഷണവും 'അഗ്രപൂജ'യെ മുൻനിർത്തി ചില വിചാരങ്ങൾ

രാധാകൃഷ്ണൻ ഇളയിടത്ത്

വ്യാഖ്യാനം, വിമർശനം, ഗവേഷണം എന്നിവയിൽ നിന്നെല്ലാം വേറിട്ട ഒന്നായാണ് സാഹിത്യചരിത്രം മനസ്സിലാക്കപ്പെട്ടത്. ആധുനികമായ ക്രമീകരണങ്ങളാണ് സാഹിത്യത്തെ മുൻനിർത്തുന്ന ഇത്തരം മേഖലകളെ സാധ്യമാക്കിയത്. ഓരോ മേഖലയ്ക്കും കൽപ്പിക്കപ്പെട്ട നിർവചനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും ആപേക്ഷികമായിരുന്നു. ആധുനികതയുടെ വൈജ്ഞാനികതാൽപ്പര്യങ്ങൾ ഈ മേഖലകളെ പൊതുവായി സ്വാധീനിച്ചു. ശാസ്ത്രീയയുക്തിയുടെ അധ്യാരോപത്തിന് സഹായകമാവുംവിധമാണ് മേഖലകൾ വേർതിരിഞ്ഞുവന്നത്. ശാസ്ത്രീയമായതോടെയാണ് ഇവയെല്ലാം പ്രത്യേകം മേഖലകളായി പരിഗണിക്കപ്പെട്ടത് എന്ന് പറയാം. ശാസ്ത്രീയയുക്തി ഭിന്ന മേഖലകളിൽ ആധിപത്യം പുലർത്തുകയും ഓരോ മേഖലയേയും അതിന്റെ പാരമ്യത്തിലേക്ക് വളരുന്നതിൽ തടസ്സപ്പെടുത്തുകയും ചെയ്തു. ഓരോ മേഖലയുടെയും അനന്യതയും അവ മുൻനിർത്തി വൈരുധ്യാത്മകമായ അന്വേഷണങ്ങൾക്കുള്ള സാധ്യതകളും ഇതുവഴി നഷ്ടമായി. വിഭിന്ന മേഖലകളുടെ വേർതിരിയലുകളിലും മേഖലകളുടെ സൂക്ഷ്മപ്രകരണങ്ങളിലും പ്രവർത്തിച്ച വർഗപരമായ താൽപ്പര്യങ്ങൾ പ്രധാനമായിരുന്നു.

സാഹിത്യചരിത്രങ്ങളിലും അതിനായി ഉപയോഗിക്കപ്പെട്ട വൈജ്ഞാനിക ഉപകരണങ്ങളിലും ഈ ശാസ്ത്രീയയുക്തി ആധിപത്യം പുലർത്തി. സാഹിത്യചരിത്രങ്ങളുടെ വിഷയപരവും

രീതിശാസ്ത്രപരവുമായ ഊന്നലുകൾ വർഗതാൽപര്യങ്ങളെ ഉറപ്പിക്കാൻ പര്യാപ്തമായിരുന്നു. ഓരോ മേഖലയുടെയും വൈജ്ഞാനികചാർച്ചകളെയും മറ്റ് മേഖലകളുമായുള്ള പരസ്പരബന്ധങ്ങളെയും തിരിച്ചറിയുന്നിടത്താണ് അന്തർവൈജ്ഞാനികമോ ബഹുവൈജ്ഞാനികമോ ആയ അന്വേഷണസാധ്യതകൾ തുറന്നുവരുന്നത്. വൈരുധ്യാത്മകമാണ് അന്തർപാഠപരവും അന്തർവൈജ്ഞാനികവുമായ അന്വേഷണങ്ങൾ. സാഹിത്യചരിത്രങ്ങൾക്ക് കൈവരേണ്ടുന്ന വൈജ്ഞാനികസ്വഭാവവും ഗവേഷണപ്രവർത്തനങ്ങൾക്ക് ഉണ്ടാവേണ്ടുന്ന ചരിത്രപരമായ അടിത്തറയും കൂടുതൽ ഉറപ്പിക്കാൻ അത്തരം ആലോചനകൾ സഹായകമാകും.

**അഗ്രപൂജയുടെ ഗവേഷണാഭിമുഖ്യം**

മേഖലകളായി വേറിടുമ്പോഴും അവ പുലർത്തിയ പാരസ്പര്യം ശ്രദ്ധേയമാണ്. വിപുലമായ ഗവേഷണപ്രക്രിയയുടെ ഭാഗമായാണ് ഓരോ സാഹിത്യചരിത്രം നിർമിക്കപ്പെടുന്നത്. ഗവേഷണമൂല്യം ഉൾക്കൊള്ളുന്ന വസ്തുസ്ഥിതികഥനം സാഹിത്യചരിത്രത്തിന്റെ പ്രഥമലക്ഷ്യമാണ്. സാഹിത്യചരിത്രത്തെ അതിന്റെ സാഹിത്യചരിത്രപദവിയിലേക്ക് ഉയർത്തുന്നതിൽ ഗവേഷണം മുഖ്യപങ്ക് വഹിക്കുന്നു. ദത്തശേഖരണം, വർഗീകരണം, വിശകലനം, അവതരണം എന്നിങ്ങനെ സാഹിത്യചരിത്രവഴികളോടെല്ലാം ഗവേഷണസ്വഭാവം കണ്ണിചേരുന്നു. വിചാരമാതൃകകൾ, സങ്കല്പനങ്ങൾ, ഘട്ടവിഭജനങ്ങൾ, വിശകലനസമ്പ്രദായങ്ങൾ, ക്രമീകരണങ്ങൾ എന്നിങ്ങനെ സാഹിത്യചരിത്രത്തെ അതാക്കിത്തീർക്കുന്ന ഘടകങ്ങൾക്കെല്ലാം അതിന്റെ ഗവേഷണസമീപനത്തോട് അഭേദ്യമായ ബന്ധമുണ്ട്. സാഹിത്യചരിത്രം തുറന്നുവെയ്ക്കുന്ന പ്രശ്നമണ്ഡലങ്ങൾക്കാകട്ടെ, അതിന്റെ വിജ്ഞാനാദർശത്തോടും വിശകലനസമ്പ്രദായത്തോടും ചാർച്ചയും കാണാം. സാഹിത്യചരിത്രത്തിന്റെ ഭാഗമാവുന്ന ഗവേഷണസങ്കല്പവും ഗവേഷണതന്ത്രങ്ങളും അവയുടെ ഫലശ്രുതികളും പ്രധാനമാവുന്നത് ഇങ്ങനെയാണ്. സാഹിത്യചരിത്രനിർമിതി എന്നതിലെ 'നിർമിതി' എന്നതിനെ ഗവേഷണത്തിന്റെ പാരമ്യമായിതന്നെ പരിഗണിക്കാവുന്നതാണ്.

മലയാളത്തിലെ സാഹിത്യചരിത്രങ്ങൾ അനവധിയായ വൈജ്ഞാനികസമീപനങ്ങളിലൂടെ കടന്നുവന്നിട്ടുണ്ട്. പി. ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രമടക്കമുള്ള ആദ്യകാലസാഹിത്യചരിത്രങ്ങളിൽ കാണുന്ന ക്ലാസിക്കൽ എന്നു കരുതാവുന്ന ഗവേഷണാദർശം കൈരളിയുടെ കഥയിലോ മലയാളകവിതാസാഹിത്യചരിത്രത്തിലോ എത്തുമ്പോഴേക്ക് ജനപ്രിയമായ മാനങ്ങളിലേക്ക്





പരിണമിക്കുന്നു. പൊതുമണ്ഡലത്തിന്റെയോ പൊതുബോധത്തിന്റെയോ വികാസവുമായി ബന്ധപ്പെട്ട പരിണാമം കൂടിയാണിത്. കെ. എം. ജോർജ് എഡിറ്റ് ചെയ്ത ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലാകട്ടെ സംഘടിതമായും ഒഴിവാക്കപ്പെട്ട മേഖലകളെ ഉൾക്കൊണ്ടും അത് വികസിക്കുന്നു. സമകാലികമായ സാഹിത്യചരിത്രനിർമാണശ്രമങ്ങളിലും സാഹിത്യചരിത്രവിജ്ഞാനീയചർച്ചകളിലും സാഹിത്യചരിത്രം പുലർത്തേണ്ടുന്ന ഗവേഷണസമീപനം പ്രശ്നമണ്ഡലമായി പുലരുകയും ചെയ്യുന്നു.

സാഹിത്യചരിത്രങ്ങളുടെ കൂട്ടത്തിൽ വേണ്ടത്ര പരിഗണിക്കപ്പെടാതെ പോയ കൃതിയാണ് ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ കൈരളീസമക്ഷം അഥവാ അഗ്രപൂജ(1979).' പേര് സൂചിപ്പിക്കുമ്പോലെ ഭാഷയ്ക്ക് മുമ്പിൽ സമർപ്പിക്കുന്ന കാണിക്കയും ഒപ്പം പൂർവപക്ഷങ്ങളോടുള്ള ആദരവുമാണ് കൃതി. മലയാളസാഹിത്യത്തെ പറ്റിയുള്ള ഇരുപത് പ്രബന്ധങ്ങൾ സാഹിത്യചരിത്രത്തിന്റെ ഘടനയിൽ അഗ്രപൂജയിൽ സംവിധാനം ചെയ്തിരിക്കുന്നു. ആധുനികസാഹിത്യംവരെയുള്ള പദ്യഗദ്യമലയാളത്തിന്റെ ചരിത്രത്തെ കൃതി 'മലയാളസാഹിത്യത്തിന്റെ കഥ' എന്ന ആദ്യപ്രബന്ധത്തിൽ ക്രോഡീകരിക്കുന്നു. തുടർന്ന് പ്രധാന കൃതികൾ, എഴുത്തുകാർ, പ്രസ്ഥാനങ്ങൾ, പ്രമേയങ്ങൾ തുടങ്ങിയവ ആധാരമാക്കിയുള്ള വിശദപഠനങ്ങളാണ്. സാഹിത്യകേന്ദ്രിതമാണ് വിശകലനമെങ്കിലും ഭാഷ, സമൂഹം, സംസ്കാരം തുടങ്ങിയ താക്കോൽസങ്കല്പങ്ങൾ വിശകലനവുമായി ശൃംഖലാബന്ധം പുലർത്തി നിലകൊള്ളുന്നു.

വൈജ്ഞാനികസ്വഭാവം കൊണ്ട് വേറിട്ടുനിൽക്കുന്ന കൃതിയാണ് അഗ്രപൂജ. ഗാഢമായ വിശകലനത്തിന്റെയും ഗവേഷണത്തിന്റെയും ഉൽപ്പന്നങ്ങളാണ് അഗ്രപൂജയിലെ പ്രബന്ധങ്ങൾ. പഠനം, പര്യവേക്ഷണം തുടങ്ങിയ സംജ്ഞകൾ അഗ്രപൂജയോട് അഭേദ്യമാംവിധം കണ്ണിചേരുന്നു. അവസാനത്തിലെ കുറിപ്പുകളും സൂചികയുമെല്ലാം ഈ ഗവേഷണസ്വഭാവം നിലനിർത്തുന്നു. പരാമർശിക്കപ്പെട്ട എഴുത്തുകാരുടെ ജീവചരിത്രവസ്തുതകളും കൃതികളെ സംബന്ധിച്ച വിവരങ്ങളും തുടർപഠനങ്ങൾക്കുള്ള ഉപാദാനങ്ങളായി മാറുന്നു. സാഹിത്യചരിത്രങ്ങളിൽ സാധാരണ കണ്ടുവരാത്തവയാണ് ഗവേഷണസ്വഭാവമുള്ള ഈ ടിപ്പണികൾ. വസ്തുവിവരകേന്ദ്രീകൃതമായ ആധുനിക സാഹിത്യചരിത്രസങ്കല്പങ്ങളിൽനിന്ന് മുന്നോട്ട് സഞ്ചരിക്കാൻ അഗ്രപൂജയെ ഈ ഗവേഷണസംസ്കാരം സഹായിക്കുന്നു. സാഹിത്യചരിത്രങ്ങളുടെ ആദർശലക്ഷ്യങ്ങളെ വിപുലപ്പെടുത്തി, ഇരുൾ വീണ പ്രശ്നങ്ങളിലേക്ക്

ISSN:2582-550X

വെളിച്ചം വീശി, വിശകലനരീതികളിൽ പുതുമകൾ അവതരിപ്പിച്ച്, സാഹിത്യ-ഭാഷാചരിത്രത്തെ പുനർവിഭാവനം ചെയ്ത് അഗ്രപൂജ നിലകൊള്ളുന്നു. സാഹിത്യചരിത്രപഠിതാക്കൾക്കും ഗവേഷകർക്കും ഏറെ ഉപകാരപ്രദമാവുന്നു ഈ സാഹിത്യചരിത്രം.

**സാഹിത്യചരിത്രം എന്ന വ്യവഹാരമണ്ഡലം**

പുറമേക്ക് ക്രമീകൃതവും ആധികാരികവുമായി നിലകൊള്ളുമ്പോഴും അടിയടരുകളിലും സൂക്ഷ്മതകളിലും ഏതും സാഹിത്യചരിത്രവും വൈരുധ്യാത്മകമായ പ്രശ്നമണ്ഡലമായിത്തീരാറുണ്ട്. ഒരു വ്യവഹാരം എന്ന നിലയിൽ സാഹിത്യചരിത്രങ്ങളിലെ വിചാരമാതൃകകൾ, സങ്കൽപ്പനങ്ങൾ, സിദ്ധാന്തങ്ങൾ, സംവാദങ്ങൾ, ഘട്ടവിഭജനം, അറിവുവിനിമയം, വിനിമയഭാഷ എന്നിങ്ങനെ നാനാവിധ ഘടകങ്ങളോട് ബന്ധപ്പെട്ടും അതിലേക്കെല്ലാം വ്യാപിച്ചുമാണ് ഈ പ്രശ്നമണ്ഡലം നിലകൊള്ളുന്നത്. സാഹിത്യചരിത്രം മുന്നോട്ട്വെയ്ക്കുന്ന ഗവേഷണസങ്കൽപ്പങ്ങളും അന്വേഷണരീതികളുമായി ഈ പ്രശ്നമണ്ഡലം അഭേദ്യമായി ബന്ധപ്പെടുന്നു. സാഹിത്യചരിത്രനിർമാണത്തിന് സഹായകമാവുന്ന വൈജ്ഞാനിക ഉപകരണങ്ങളിലേക്കെല്ലാം ഈ പ്രശ്നമണ്ഡലം വ്യാപരിച്ചെത്തുന്നു. വ്യവഹാരത്തിന്റെ അധികാരതാൽപ്പര്യത്തെ നിർണയിക്കുകയും ഇത്തരം പ്രശ്നമണ്ഡലങ്ങളെ ഉൾവഹിക്കുകയും ചെയ്യുന്ന പ്രത്യയശാസ്ത്രഘടകമായി സാഹിത്യചരിത്രത്തിലെ ജ്ഞാനസങ്കൽപ്പങ്ങളെയും അന്വേഷണരീതികളെയും മനസ്സിലാക്കുന്നതിൽ തെറ്റുണ്ടാവില്ല. പാഠത്തിനുള്ളിലെ വൈരുധ്യങ്ങൾ എന്നതിലുപരി സാമൂഹികമോ ചരിത്രപരമോ ആയ സംഘർഷങ്ങളോ വൈരുധ്യങ്ങളോ ആണ് ഈ പ്രശ്നമണ്ഡലങ്ങളുടെ ആധാരം.

**മലയാളസാഹിത്യം: വ്യവസ്ഥാപനവും ഘട്ടവിഭജനവും**

അഗ്രപൂജയും അനവധിയായ സാധ്യതകൾക്കൊപ്പം അനിവാര്യമായ പ്രശ്നമണ്ഡലങ്ങളെയും തുറന്നിടുന്നു. അഗ്രപൂജയുടെ സാഹിത്യ-ഭാഷാചരിത്രനിർമാണത്തിനുള്ള ശ്രമങ്ങളിൽ പങ്കുചേരുന്ന വ്യാവഹാരികഘടകങ്ങളിലേക്കെല്ലാം ഈ പ്രശ്നമണ്ഡലം വ്യാപരിച്ചെത്തുന്നു. മേൽസൂചിപ്പിച്ചപോലെ വൈജ്ഞാനികത അഗ്രപൂജയിലെ വ്യവഹാരികസംഘർഷത്തിന്റെയും സാമൂഹികസംഘർഷത്തിന്റെയും ആധാരമായിത്തീരുകയും ചെയ്യുന്നു.

അഗ്രപൂജ നിർമിച്ചെടുക്കുന്ന സാഹിത്യ-ഭാഷാചരിത്രത്തിന്റെയും അതിനായി ഉപയോഗിക്കുന്ന വൈജ്ഞാനികഉപകരണങ്ങ





ളുടെയും സ്വഭാവം എന്താണ്? മലയാളസാഹിത്യത്തെ അഗ്രപൂജ ഇങ്ങനെ ചിട്ടപ്പെടുത്തുന്നു. "പഴയ മലയാളകാലത്തെ തമിഴ്മയകൃതികളും മധ്യമലയാളഘട്ടത്തിലെ സംസ്കൃതപ്രചുരിമയുള്ള മണിപ്രവാളകൃതികളും ആധുനികകാലത്തെ മലയാളഗ്രന്ഥസമ്പത്തും ചേർന്നതാണ് മലയാളസാഹിത്യം എന്നു കണക്കാക്കാം".(1979 പു:2) പഴയ മലയാളം, മധ്യമലയാളം, ആധുനികമലയാളം എന്നിങ്ങനെ ഭാഷയെ അടിസ്ഥാനമാക്കുന്ന ഘട്ടവിഭജനവും വരമൊഴിയെ കേന്ദ്രത്തിൽ പരിഗണിക്കുന്ന ആധുനിക ഭാഷാവബോധവും മണിപ്രവാളകേന്ദ്രീകൃതമായ സാഹിത്യനോട്ടവും ഈ ചിട്ടപ്പെടുത്തലിലുണ്ട്. മധ്യകാലമലയാളത്തെ മണിപ്രവാളകേന്ദ്രിതമായും ആധുനികഗ്രന്ഥസമ്പത്തിനെ കൊളോണിയൽ ആധുനികതയുടെ തുറവിയായും മനസ്സിലാക്കിപോരുന്ന ഒരു ഭാവുകത്വം ഇതിലുണ്ട്. സാഹിത്യത്തിന്റെ പരിധിക്കുള്ളിൽ പത്രപ്രവർത്തനത്തെയും തർജമയെയും ശൂരനാട്ട് പരിഗണിക്കുന്നുണ്ട്. കൃതികളുടെയും സന്ദർഭങ്ങളുടെയും തെരഞ്ഞെടുപ്പിനെ ഈ വിഭാവനങ്ങൾ നിർണയിക്കുന്നു. ആധുനികമായ ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് സമൂഹം, സംസ്കാരം, ചരിത്രം എന്നിവ സംബന്ധിച്ച അഗ്രപൂജയുടെ വിഭാവനങ്ങളും രൂപപ്പെടുന്നത്.

മലയാളസാഹിത്യചരിത്രങ്ങളിൽ കണ്ടുവരുന്ന ഘട്ടവിഭജനത്തിന്റെയും വ്യക്തിമഹത്വവാദത്തിന്റെയും യുക്തികളിൽനിന്ന് അഗ്രപൂജ പൂർണമായി മുക്തമാവുന്നില്ല. എഴുത്തച്ഛനെയും കേരളവർമ്മയെയും മുൻനിർത്തി രണ്ടുഘട്ടങ്ങളെ അഗ്രപൂജ വിഭാവനം ചെയ്യുന്നു. സംസ്കൃതപാരമ്പര്യത്തിന്റെ നേതാവായിരുന്ന കേരളവർമ തന്നെയായിരുന്നു ആധുനികഗദ്യസാഹിത്യത്തിന്റെയും ഉപജ്ഞാതാവ് എന്ന് ശൂരനാട്ട് എഴുതുന്നു. ആംഗലസമ്പർക്കത്തിനു മുൻപുതന്നെ ഗദ്യസാഹിത്യശാഖ വികസിച്ചതിന്റെയും ആധുനികഗദ്യത്തിന്റെ അടിത്തറ രൂപപ്പെട്ടതിന്റെയും തെളിവാണ് വർത്തമാനപുസ്തകം. ആധുനികമലയാളഗദ്യം കാണുന്ന ആദ്യകൃതിയായി വർത്തമാനപുസ്തകത്തെ ശൂരനാട്ട് അവതരിപ്പിക്കുന്നു.

കേരളവർമയെയും എ. ആറിനെയും താരതമ്യം ചെയ്ത് മുന്നേറുന്ന പ്രരോദനപഠനവും ഉള്ളൂരിന്റെ വ്യക്തിപ്രഭാവത്തെ സംബന്ധിച്ച പഠനവുമെല്ലാം വ്യക്തിമഹത്വവാദപ്രേരണകൾക്ക് ഉദാഹരണമാണ്. രാജരാജവർമയുടെ കാര്യത്തിൽ അത്യാദരവും കേരളവർമയുടെ കാര്യത്തിൽ അനാദരവും പ്രരോദനത്തിൽ കാണുന്നു. ഈ വിഷയത്തിൽ വേണ്ടത്ര താരതമ്യബുദ്ധി ആശാന് പ്രകടിപ്പിക്കാനായില്ല. ദ്വിതീയാക്ഷരപ്രാസത്തിന്റെ കാളിമ

ISSN:2582-550X

കാണാവുന്ന കൃതിയാണ് പ്രരോദനം. മണിപ്രവാളമാർഗത്തിലാണ് പ്രരോദനത്തിന്റെ സഞ്ചാരം.

## വിശകലനത്തിലെ പ്രേരണകൾ

മലയാളസാഹിത്യചരിത്രങ്ങളിലെ താരതമ്യാത്മക സമീപനത്തിന്റെയും സൗന്ദര്യാത്മകസമീപനത്തിന്റെയും സവിശേഷസന്ദർഭവും ഫലപ്രദമായ മാതൃകയും അഗ്രപൂജയിലുണ്ട്. പാശ്ചാത്യസാഹിത്യത്തോടും എഴുത്തുകാരോടും ആണ് പലപ്പോഴും താരതമ്യവും സമീകരണവും. മണിപ്രവാളത്തിന് ചോസർ കൃതികളോടുള്ള സമീകരണവും, 'പ്രരോദന'പഠനത്തിലെ ഇംഗ്ലീഷ് വിലാപകാവ്യപ്രസ്ഥാനത്തോടും വിഭാഗങ്ങളോടും ചേർത്തുവെച്ചുകൊണ്ടുള്ള വിശകലനവും ഉദാഹരണമാണ്. "നമുക്കൊരു ഷേക്സ്പിയർ ഇല്ലെങ്കിൽ ഇംഗ്ലണ്ടിന് ഒരു കുഞ്ചൻനമ്പ്യാരുമില്ലെന്ന് ഈ അവസരത്തിൽ ഓർമിക്കാവുന്നതാണ്".(1979:പു:28) എന്ന് ഇത്തരം സമീകരണങ്ങൾ സ്ഥാനപ്പെടുന്നു. മൂലകൃതിയേയും പരിഭാഷയേയും താരതമ്യം ചെയ്തുകൊണ്ട് മലയാളപരിഭാഷകളുടെ മൗലികതയും അനന്യതയും ഉറപ്പിക്കുന്ന സമീപനവും പൊതുവെ കാണുന്നുണ്ട്. ശിവരാത്രിമാഹാത്മ്യത്തിന്റെ വിശകലനസന്ദർഭം ഉദാഹരണമാണ്.

പ്രരോദനത്തെക്കുറിച്ചുള്ള എഴുത്ത് മൂന്നുതരത്തിലുള്ള വിലാപകാവ്യങ്ങളെ വർഗീകരിച്ച്, അതിലെ ആംഗല-സംസ്കൃത രീതികളെ വിവരിച്ച്, ആശാനിൽ കാണുന്ന വിലാപകാവ്യവികാസങ്ങൾ രേഖപ്പെടുത്തുന്നു. സംബോധനകളെയും തത്വചിന്തയേയും മുൻനിർത്തി നടത്തുന്ന ശിവരാത്രിമാഹാത്മ്യത്തിലെ ഭക്തിയുടെ ഘടനാപരമായ വിശകലനവും അഭിരുചികളുടെയും സാഹിത്യമെഴുത്തിന്റെയും കാര്യത്തിൽ വന്നുചേർന്ന സൂക്ഷ്മവ്യത്യാസങ്ങളെ അനാവരണം ചെയ്യുന്ന 'മഞ്ജു ദണ്ഡകരത്നങ്ങൾ 'എന്ന പഠനത്തിലെ സമീപനവും സാഹിത്യവിശകലനത്തിന്റെ അർത്ഥവത്തായ ഫലശ്രുതികളാവുന്നു. മൂല്യവിചാരത്തിൽ പുലർത്തുന്ന കണിശമായ ഔചിത്യബോധമാണ് അഗ്രപൂജയെ തുറന്ന വിതാനങ്ങളിലേക്ക് നയിക്കുന്ന മറ്റൊരു ഘടകം. വള്ളത്തോൾ കവിതകളിൽ ഗുണംകൊണ്ട് പിന്നിൽനിൽക്കുന്ന രചനകളെ കുറിച്ചുള്ള പ്രസ്താവം 'വള്ളത്തോൾ പ്രതിഭയ്ക്കു മുൻപിൽ' എന്ന പ്രബന്ധത്തിൽ കാണാം.

സാഹിത്യചരിത്രത്തെയും സാഹിത്യമൂല്യത്തെയും വേർതിരിച്ചുകൊണ്ട് വിശകലനം നടത്താൻ അഗ്രപൂജയെ പ്രേരിപ്പിക്കുന്നത് ആധുനികമായ അവബോധമാണ്. കൃതികളുടെ





ആഭ്യന്തരവും ബാഹ്യവുമായ വസ്തുതകളെ ഈ വിശകലനം പരിഗണിക്കുന്നു. ഘടനാപരവും സൗന്ദര്യാത്മകവുമായ നോട്ടങ്ങൾ സാഹിത്യവിശകലനത്തിന്റെ അടിസ്ഥാനങ്ങളായിത്തീരുന്നു. കൃതികളുടെ കാലം, പ്രകാശനചരിത്രം, പാത്രസൃഷ്ടി തുടങ്ങിയ കാര്യങ്ങളിൽ മുൻകാല സാഹിത്യചരിത്രങ്ങൾ നടത്തിയ ചർച്ചകളിൽ ഔചിത്യബോധത്തോടെയും വസ്തുനിഷ്ഠതയോടെയും ഇടപ്പെട്ടും രസം, രീതി, ഔചിത്യം, അലങ്കാരം, വൃത്തം എന്നിവ സംബന്ധിച്ച അന്വേഷണങ്ങളിലേക്ക് സൗന്ദര്യാത്മകമായ ഒരു വ്യവഹാരത്തെ ചേർത്തുവെച്ചുമാണ് അഗ്രപൂജ അതിന്റെ അനന്യത നിലനിർത്തുന്നത്. നിയോക്ലാസിക്കലും കാല്പനികവുമാണ് സാഹിത്യവിചാരമാതൃക എന്നു പറയാം.

മാപ്പിളപാട്ട്, മഹാകാവ്യം, വിലാപകാവ്യം, ഹാസ്യസാഹിത്യം എന്നിങ്ങനെ പ്രസ്ഥാനാത്മകമായ സമീപനങ്ങളും വിവരണങ്ങളും അഗ്രപൂജയിൽ കാണാം. പ്രസ്ഥാനങ്ങളുടെ വർത്തമാനസ്ഥിതിവരെ ഉൾക്കൊണ്ട് സമകാലികമായ വിവരണങ്ങൾ ആവാൻ ആണ് അവയുടെ ശ്രമം. രാമചന്ദ്രവിലാസത്തെ പൂർണലക്ഷണയുക്തമായ ആദ്യത്തെ മലയാളമഹാകാവ്യമായി അവതരിപ്പിക്കുന്നു. ശ്രീകൃഷ്ണചരിതത്തിന്റെ അവകാശത്തെ നിഷേധിക്കാതെതന്നെ ഇത് പറയാം എന്ന് ശൂരനാട്ട് കരുതുന്നു. യമകചിത്രസർഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള രചനയാണ് രാമചന്ദ്രവിലാസത്തിന്റെ പ്രധാന കാൽവെയ്പ്പ്. രാമചന്ദ്രവിലാസം സംബന്ധിച്ച് കേരളസാഹിത്യചരിത്രത്തിലുള്ള വസ്തുതാപരമായ തെറ്റും ശൂരനാട്ട് ചൂണ്ടിക്കാണിക്കുന്നു.

## ഉത്തമ കവിത

എഴുത്തച്ഛനെയും ആശാനെയും സംബന്ധിച്ച വിശകലനങ്ങളിൽ ഉത്തമകവിതയെ സംബന്ധിച്ച അഗ്രപൂജയുടെ വീക്ഷണം കാണാം. എഴുത്തച്ഛനിൽ ആനന്ദവും മഹത്വവും സമ്മേളിക്കുന്നു. സമുന്നതലക്ഷ്യങ്ങൾക്ക് കോട്ടം തട്ടാതെ രസാവിഷ്കരണപദ്ധതിയിൽ ബഹുദൂരം മുന്നോട്ട് പോകാൻ എഴുത്തച്ഛന് കഴിഞ്ഞു. സമുത്കൃഷ്ടഭാവങ്ങൾക്കനുസരിച്ച രചനാരീതിയാണ് എഴുത്തച്ഛനിൽ കാണുന്നത്. ആശാന്റെ നളിനിയാകട്ടെ വൈകാരികതയുടെ പാരമ്യത്തിൽചെന്ന് അതിനുശേഷം വികാരങ്ങൾക്കപ്പുറമുള്ള ആത്മോത്കർഷപദവിയിലേക്ക് ഒരു വിദൂരവീക്ഷണം നടത്താൻ വായനക്കാരനെ പ്രേരിപ്പിക്കുന്നു. ആനന്ദവും മഹത്വവും സമ്മേളിക്കുന്ന ഉത്തമകാവ്യാദർശത്തെ പിൻപറ്റുന്ന നോട്ടങ്ങളും വ്യവസ്ഥീകരണവുമാണിത്. മധ്യകാല- ആധുനികകാവ്യസന്ദർ

ISSN:2582-550X

ങ്ങളിൽ ഭേദമില്ലാതെ ഈ കാവ്യാദർശം പുലരുകയും കാവ്യമഹത്വത്തിന്റെ ആധാരങ്ങളെ അത് സ്ഥിതമായി നിർവചിക്കുകയും ചെയ്യുന്നു.

## ഭാഷാചരിത്രം

സാഹിത്യവിശകലനം കേന്ദ്രത്തിലുണ്ടാവുമ്പോഴും ആധുനികമാനങ്ങളിലുള്ള ഭാഷാവിശകലനവും ഭാഷാചരിത്രവും അഗ്രപൂജയിൽ കാണാം. മലയാളഭാഷയുടെ വേരുകളെയും ഉൽപ്പത്തിസങ്കൽപ്പങ്ങളെയും കുറേക്കൂടി ബഹുസ്വരമാനങ്ങളിലേക്ക് ചേർത്തുവെയ്ക്കാൻ അഗ്രപൂജയ്ക്ക് കഴിയുന്നു. മോയിൻകുട്ടി വൈദ്യരെക്കുറിച്ച് സംസാരിക്കുമ്പോൾ ഉള്ള ഈ ലിപി ചർച്ച ശ്രദ്ധിക്കുക. "അറബിമലയാളമെന്നോ മാപ്പിളമലയാളമെന്നോ ഒക്കെ അത്തരം പല പാട്ടുകളുടെയും ഭാഷാംശത്തെ വിശേഷിപ്പിക്കാമെങ്കിലും അതും മലയാളം തന്നെ, മലയാളികളുടെ സമ്പത്തുതന്നെ. സംസ്കൃതം ചേർന്ന മണിപ്രവാളം സംസ്കൃതമല്ല മലയാളമാണ്. അതുപോലെതന്നെ അറബിപദങ്ങൾ ചേർന്ന ഈ സാഹിത്യവും അറബികളുടേതല്ല; മലയാളികളുടേതാണ്, മലയാളമാണ്. അതിനാൽ അത് അഭ്യസിക്കേണ്ടത് നമ്മുടെ കടമയാണ്. അത് ആസ്വദിക്കേണ്ടത് നമ്മുടെ അവകാശവുമാണ്"(1979:പു:190) മൗലികവാദങ്ങൾക്കപ്പുറം ഭാഷയുടെ സങ്കരസ്വഭാവത്തെ പരിഗണിച്ചുകൊണ്ട് മലയാളഭാഷ എന്ന വിഭാവനം വിപുലപ്പെടുകയാണിവിടെ. ലിപിയും സാഹിത്യവും സാങ്കേതിക ധർമങ്ങൾക്കപ്പുറം സംസ്കാരത്തിന്റെ പ്രത്യക്ഷീകരണമായി മനസ്സിലാക്കുന്ന പരിപ്രേക്ഷ്യം കൂടിയാണിത്. രൂപങ്ങൾ, പദങ്ങൾ, വിശേഷണങ്ങൾ തുടങ്ങിയ സംവർഗങ്ങളെ ആധാരമാക്കി മുന്നേറുന്ന ഭാഷാവിശകലനങ്ങൾക്ക് സാമ്പ്രദായികവ്യാകരണയുക്തികളിൽ നിന്ന് പുറത്തുകടന്ന് ഭാഷാചർച്ചകളെ ആധുനിക വിതാനങ്ങളിലേക്ക് വിമോചിപ്പിക്കാനും ഭാഷാചരിത്രത്തെ പുനർവിഭാവനം ചെയ്യാനും കഴിയുന്നു.

ഭാഷയുടെ രൂപത്തിന് ആദ്യമായി വലിയ പരിവർത്തനം വരുത്തിയത് ഭാഷാഭഗവത്ഗീതാകാരനും മറ്റ് നിരണം കവികളുമാണ്. ആധുനികഭാഷയുടെ രൂപം അവർ ഉറപ്പിച്ചു. സംസ്കൃതരൂപങ്ങൾ ഉപേക്ഷിച്ചാൽ പിന്നെ കിട്ടുന്ന മണിപ്രവാളസ്വരൂപമാണ് അവർ ഭാഷയ്ക്ക് നൽകിയത്. ഇതാണ് നിരണം കവികളുടെ ഏറ്റവും വലിയ സംഭാവന.

## എഴുത്തച്ഛന്റെ കാവ്യഭാഷ

എഴുത്തച്ഛൻ രൂപപ്പെടുത്തിയ ഭാഷാസ്വരൂപത്തെ ശൂരനാട്ട് ഇങ്ങനെ വിവരിക്കുന്നു. "മണിപ്രവാളത്തിന്റെ നല്ല അംശങ്ങൾ





എല്ലാം സ്വീകരിച്ചും അതിൽ മലയാളത്തിന് ഇണങ്ങാത്ത ഭാവങ്ങൾ കഴിയും മട്ട് ഒഴിവാക്കിയും ഭാഷയ്ക്കു സിദ്ധിച്ചിരുന്ന ശബ്ദസമ്പത്തും വളർച്ചയും വേണ്ടപോലെ കണക്കിലെടുത്തുകൊണ്ടും ആയിരുന്നു ആ മഹാൻ തന്റെ കൃതികളിലൂടെ ഭാഷാസംസ്കരണ പരിപാടി നടപ്പിലാക്കിയത്. മലയാളപദങ്ങളുടെ അഴകും മിഴിവും യുക്തിപൂർവം ഗ്രഹിച്ചും ഭാഷയ്ക്ക് ഓജസ്സും നൈപുണ്യവും സമ്പാദിക്കത്തക്കവണ്ണം സംസ്കൃതശബ്ദങ്ങളെ കലർത്തിയും ശബ്ദസമ്മേളനവിഷയത്തിൽ അകൃത്രിമചാരുത്വം സ്വീകരിച്ചും ആണ് അദ്ദേഹം ഭാഷയ്ക്ക് രൂപം നൽകിയത്." (1979:പു:135) കവിതയുടെ ഉത്കർഷവും വിനിമയക്ഷമതയും പരിഗണിച്ചുകൊണ്ടാണ് എഴുത്തച്ഛന്റെ കാവ്യഭാഷ രൂപപ്പെട്ടുവന്നത്. എഴുത്തച്ഛന്റെ ഭാഷയിൽ പ്രാദേശികതയില്ല. ഉത്കൃഷ്ടസാഹിത്യരചനയ്ക്ക് പാമരൻമാരുടെ ഭാഷ പോരാ എന്ന് അദ്ദേഹം കരുതിയിരുന്നു. എന്നാൽ സാഹിത്യനിർമിതിയാകട്ടെ പണ്ഡിതൻമാരെ മാത്രം ഉദ്ദേശിച്ചായിക്കൂടാ എന്നും അദ്ദേഹം ധരിച്ചു. ഈ രണ്ടു വീക്ഷണങ്ങളും മനസ്സിൽ ഉറപ്പിച്ചുകൊണ്ടുള്ള രചനയാണ് എഴുത്തച്ഛൻ നിർവഹിച്ചത്. ഭാഷയുടെ ജനപ്രിയതയെയും വിനിമയക്ഷമതയെയും മുൻനിർത്തുന്ന ഈ ഭാഷാദർശനം തന്നെയാണ് ഗദ്യഭാഷയെയും ഭാഷയുടെ ആധുനികസന്ദർഭങ്ങളെയും സംബന്ധിച്ച അഗ്രപൂജയുടെ നോട്ടങ്ങളെയും നിർണയിക്കുന്നത്.

## ഇടറുന്ന പൈതൃകങ്ങൾ

സവിശേഷമായ പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും നിർമിതികൂടിയാണ് സാഹിത്യചരിത്രം. പാരമ്പര്യം എന്ന കൽപ്പിക്കപ്പെട്ട ഘടകങ്ങളിലെ അയുക്തികളെ നിർദ്ദേശിച്ചും ശാസ്ത്രീയമാനങ്ങളിലേക്ക് വികസിച്ചുമാണ് ഈ പാരമ്പര്യനിർമിതി. അയുക്തികളും ഐതിഹ്യയുക്തികളും അരങ്ങുവാഴുന്ന പ്രാചീന-മധ്യകാലത്തിന്റെയും സാഹിത്യത്തിന്റെയും വിശകലനത്തിന് ശാസ്ത്രീയ വിശകലനമാതൃക പര്യാപ്തമാണെന്ന് കരുതപ്പെടുന്നു. എഴുത്തച്ഛനും മോയിൻകുട്ടിവൈദ്യരും തെക്കൻപാട്ടുകളും എല്ലാം ചേർന്ന് പ്രത്യക്ഷത്തിൽ ബഹുസ്വരമായ കേരളപാരമ്പര്യത്തെ വിഭാവനം ചെയ്യുമ്പോഴും സൂക്ഷ്മാർത്ഥത്തിൽ ഏകശിലാരൂപമായ ഒരു സംസ്കാരനിർമിതി അഗ്രപൂജയിലും കാണാം. എഴുത്തച്ഛന്റെ ഭക്തിയെ അദ്വൈതദർശനവുമായി ബന്ധപ്പെടുത്തുന്ന ശൂരനാട്ടിന്റെ വീക്ഷണം ഇതിലേക്ക് മാതൃകയായി സ്വീകരിക്കാവുന്നതാണ്. "അദ്വൈതചിന്താപദ്ധതിയിൽ സഞ്ചരിച്ച്, സമദർശനശക്തി

സമ്പാദിച്ച്, സമസ്തലോകത്തെയും ഒരേ ശക്തിയുടെ പ്രതിഭാസങ്ങളായി കണ്ട്, ഒന്നിനെയും വെറുക്കാതെ എല്ലാറ്റിനെയും സ്നേഹിച്ച്, ലോകാനുഗ്രഹവ്രതം ദീക്ഷിക്കുന്ന ഭാരതീയപാരമ്പര്യത്തിന്റെ അഭിനവവക്താവായി ഉയർച്ചനേടിയ ആ മഹാൻ സഹജീവികളെ സമുദ്ധരിക്കണമെന്ന് ദൃഢവ്രതം കൈക്കൊണ്ടു."(1979:പു:144) വ്യവസ്ഥാപിതമായ ഭാരതീയപാരമ്പര്യത്തിന്റെയും അദ്വൈതദർശനത്തിന്റെയും അടയാളം തന്നെയാണ് ഇവിടെ എഴുത്തച്ഛൻ. ഇങ്ങനെയാവുമ്പോഴും കൃഷ്ണപ്പാട്ടിലെ വടക്കൻപ്പാട്ടിന്റെ പ്രേരണകൾ വിശദീകരിച്ചും ചമ്പുക്കളിലെ ഗദ്യമാണ് തുള്ളലായി പരിണമിച്ചത് എന്ന് നിരീക്ഷിച്ചും ഭക്തിപ്രസ്ഥാനത്തിന്റെ ആരംഭം നിരണംകൃതികളിൽനിന്ന് കണ്ടെടുത്തും ശൂരനാട്ടിന്റെ അന്വേഷണങ്ങൾ വ്യവസ്ഥാപിതധാരണകളെ തിരുത്തുന്നുമുണ്ട്.

ആധുനികതയുടെ സന്ദർഭത്തിൽ ആധിപത്യം ചെലുത്തിയ മധ്യവർഗയുക്തികളുടെ തുടർച്ചകൾ സവിശേഷമായ രീതിയിൽ നിർമിച്ചെടുക്കുന്ന പാരമ്പര്യസങ്കൽപ്പങ്ങളും ദേശീയതാസങ്കൽപ്പങ്ങളുമാണ് അഗ്രപൂജയുടെ ആധാരം. അഗ്രപൂജയുടെ ചരിത്രനിർമാണവും അതിന് പിന്തുണയേകുന്ന ഗവേഷണാദർശവും അന്വേഷണരീതികളുമെല്ലാം ഈ ധർമത്തിന് പിന്തുണ നൽകി പുലരുന്നു. ചരിത്രം, സമൂഹം, സംസ്കാരം എന്നിവയെ കുറിച്ചെല്ലാം കൃതി പുലർത്തുന്ന അവബോധങ്ങളും ഇതിന് അനുഗുണമാവുന്നു.

ഗോവിന്ദപ്പിള്ള, നാരായണപ്പണിക്കർ, ഉള്ളൂർ തുടങ്ങിയവരുടെ സാഹിത്യചരിത്രങ്ങളിലെ ക്ലാസിക്കലായ ഭാവുകത്വത്തെ ഉപജീവിച്ചും തിരുത്തിക്കൊണ്ടുമാണ് അഗ്രപൂജ അതിന്റെ വീക്ഷണം ഉറപ്പിക്കുന്നത്. അഗ്രപൂജയുടെ രചനാകാലം വരെയുണ്ടായ മറ്റു പല സാഹിത്യചരിത്രകൃതികളെയും ശൂരനാട്ട് ഉപജീവിച്ചു കാണുന്നില്ല. ക്ലാസിക്കൽ സാഹിത്യചരിത്രഭാവുകത്വത്തോടുള്ള സംവാദവും തുടർന്നുള്ള പരിഷ്കരണവുമായി രൂപപ്പെട്ടുവന്നതാണ് അഗ്രപൂജയുടെ വൈജ്ഞാനികത. ശൂരനാട്ടിന്റെ ഇതര വൈജ്ഞാനികപ്രവർത്തനങ്ങളോട് ബന്ധപ്പെട്ടും അതിലെ യുക്തികളെ സ്വാംശീകരിച്ചും അത് നിലകൊള്ളുന്നു.' ക്ലാസിക്കലായ സാഹിത്യചരിത്രങ്ങൾ സാഹിത്യത്തിന്റെ ആധുനികസന്ദർഭത്തെ പരിചരിക്കുമ്പോൾ വന്ന ഭാവുകത്വപരിമിതിയിൽനിന്ന് ഒരുപരിധിവരെ പുറത്തുകടക്കാനും ഒപ്പം പ്രാചീന-മധ്യകാല സാഹിത്യത്തെ ആധുനികയുക്തികളിൽ സമീപിക്കാനുമെല്ലാം ഈ വൈജ്ഞാനികതയ്ക്കാവുന്നു.





അഗ്രപൂജയിലെ ചരിത്രനിർമിതി ഒരുപോലെ രീതിശാസ്ത്രപരവും ആശയപരവുമായ പ്രശ്നങ്ങളെ തുറന്നിടുന്നു. ചരിത്രം എന്നത് കേവലം കാലപരിഗണനകൾക്കകത്ത് വരുന്നു എന്ന് കരുതുന്നതുകൊണ്ടാണ്, വടക്കൻ/തെക്കൻപാട്ടുകളെകുറിച്ച് പറയുമ്പോൾ ഇവയോരോന്നിന്റെയും കാലത്തെപറ്റി നിശ്ചിതമായ തെളിവ് ഇല്ലാത്തതുകൊണ്ട് ചരിത്രപാഠത്തിന് ഇവകൊണ്ടുള്ള പ്രയോജനം പരിമിതമാണ് എന്ന പ്രസ്താവന. സാഹിത്യചരിത്രങ്ങൾ പുലർത്തിപോന്ന അയുക്തികമായ ഐതിഹ്യസ്വീകാരത്തിന്റെ തലം കുചേലവൃത്തത്തിന്റെയും ശിവരാത്രി മാഹാത്മ്യത്തിന്റെയും വിശകലനങ്ങളിൽ തുടരുന്നത് കാണാം. ദാത്യൂഹസന്ദേശത്തിലെ പ്രമേയത്തെയും ചാലിയപ്രതിനിധാനങ്ങളെയും മറ്റൊരുതരത്തിൽ കാണുമ്പോഴും കൃതിയിലെ പരിഹാസതലത്തിന്റെ പാരമ്യം ശീവൊള്ളിയുടെ മേധാശക്തിയുടെ തെളിവായി അവതരിപ്പിക്കുന്നു. വള്ളത്തോളിന്റെ നായികമാരിൽ കാണുന്നത് മാദകശൃംഗാരമാണ് എന്ന സാമാന്യധാരണയെ തിരുത്താൻ ശ്രമിക്കുന്ന 'വള്ളത്തോൾ കവിതകളിലെ സ്ത്രീ' എന്ന പ്രബന്ധം സതി ആചാരത്തെകുറിച്ച് പറയുമ്പോൾ പ്രണയവതികളെ സംബന്ധിച്ച് ഇത് ശാപമായിരുന്നില്ല, ധർമം മാത്രമാണ് എന്ന് അഭിപ്രായപ്പെടുന്നു. ചാരിത്ര്യം പരമശോഭയോടെ കാണുന്ന സന്ദർഭമാണ് ഇത് എന്ന് ശൂരനാട്ട് എഴുതുന്നു.

### വസ്തുനിഷ്ഠചരിത്രം സാഹിത്യത്തെ പരിചരിക്കുമ്പോൾ

സാഹിത്യചരിത്രപാഠത്തിലെ സങ്കൽപ്പനങ്ങൾ, വിചാരമാതൃകകൾ, വിശകലനസമ്പ്രദായങ്ങൾ, അറിവുക്രമീകരണങ്ങൾ എന്നിവയോടു ബന്ധപ്പെട്ടും അവയിലൂടെ പ്രത്യക്ഷീകരിക്കപ്പെട്ടും നിലകൊള്ളുന്ന സംഘർഷങ്ങൾ കൂടിയാണിവ. സാഹിത്യചരിത്രത്തിന് ഇതരവിജ്ഞാനങ്ങളോടും രീതികളോടുമുള്ള സമീപനവും ഇതിനെ നിർണയിക്കുന്നു. വിജ്ഞാനപദ്ധതികളും അതിന്റെ അന്വേഷണരീതികളും കേവലമാനങ്ങൾക്കപ്പുറം അധികാരതാൽപ്പര്യങ്ങൾകൂടി ഉൾക്കൊണ്ട് രൂപപ്പെടുന്നവയാണ്. ആധുനികസന്ദർഭത്തിൽ സവിശേഷ വിജ്ഞാനപദ്ധതികളും മേഖലകളും രൂപപ്പെട്ടുവരുന്നതിന്റെ താൽപര്യത്തെ ലൂക്കാച്ച് വിവരിക്കുന്നു.' "സാമ്പത്തികരൂപങ്ങളുടെ ചരക്കുവൽക്കരണം, ഇതിനനുസരിച്ച് മനുഷ്യബന്ധങ്ങളുടെ പുനർനിർമാണം, തൊഴിൽവിഭജനത്തിന്റെ നിരന്തരമായ വിപുലീകരണം എന്നിവയെല്ലാം ഉൽപാദനപ്രക്രിയയെ മൂർത്തവും യുക്തിസഹവുമായ വിശകലനത്തിന് വിധേയമാക്കുന്നു. ഉൽപ്പാദനവ്യവസ്ഥയെയും സാമൂഹികപ്രതിഭാസങ്ങളെതന്നെയും ഇവയെല്ലാം

മാറ്റിമറിക്കുന്നു. ഉത്പ്പാദനപ്രക്രിയയെയും സമൂഹത്തെയും മനസ്സിലാക്കുന്ന രീതി മാറിമറിയുന്നു. ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ വിശകലനരീതികൾക്കായി ഒറ്റപ്പെട്ട വസ്തുതകൾ, പ്രത്യേക സ്പെഷ്യലിസ്റ്റ് വിഭാഗങ്ങൾ (സാമ്പത്തികശാസ്ത്രം, നിയമം മുതലായവ) ഉയർന്നുവരുന്നു."(1968:പു:6)" ചരിത്രം എന്ന ജ്ഞാനപദ്ധതിയുടെ ആദർശലക്ഷ്യങ്ങളും നിയതത്വവും വസ്തുനിഷ്ഠതയും ഗവേഷണത്തിന്റെ പാരമ്യത്തിലേക്ക് ഉയരുന്നതിൽ സാഹിത്യചരിത്രങ്ങളെ തടസ്സപ്പെടുത്തി. വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ ചരിത്രസങ്കൽപ്പത്താൽ നിയതത്വം കൈവരിച്ചും ഗവേഷണം പോലുള്ള ഇതരപഠനസാധ്യതകളെ ക്രമീകരിച്ചുമാണ് ഈ സംഘർഷങ്ങൾ സാഹിത്യചരിത്രപാഠത്തിൽ നിലകൊള്ളുന്നത്.

വസ്തുനിഷ്ഠചരിത്രം സാഹിത്യത്തെ പരിചരിക്കുമ്പോൾ ഉടലെടുക്കുന്ന വിശകലന-ക്രമീകരണയുക്തികൾ സാഹിത്യത്തിന്റെ ബഹുസ്വരതയെയും ഗവേഷണത്തിനും അറിവുത്പ്പാദനത്തിനുള്ള പ്രാപ്തിയെയും ലഘൂകരിക്കുന്നുണ്ട്. സാഹിത്യം അതിന്റെ ബഹുസ്വരതയിലോ അനന്യതയിലോ പരിഗണിക്കപ്പെടുന്നതിന് പകരം ഏകമുഖമായ രീതിയിൽ അവിടെ പ്രതിഷ്ഠിക്കപ്പെടുന്നു. അറിവിന്റെ മണ്ഡലമോ അറിവായിത്തന്നെയോ മാറാനുള്ള സാഹിത്യമൂലധനത്തിന്റെ സാധ്യതയെ നിജപ്പെടുത്തുകയോ ന്യൂനീകരിക്കപ്പെടുകയോ ആണ് ഇവിടെ. സാഹിത്യം വസ്തുനിഷ്ഠചരിത്രമാവുമ്പോൾ സാർവദേശീയയുക്തിയിൽ നിർണയിക്കപ്പെട്ട പുരോഗതിസങ്കൽപ്പവും മനുഷ്യകേന്ദ്രീകരണവും അതിന്റെ അടിപ്പടവായിത്തീരുന്നു. സാഹിത്യം പുലർത്തുന്ന വൈരുധ്യാത്മക സ്വഭാവവും അത് മുൻനിർത്തി നടത്താവുന്ന വിശകലനസാധ്യതകളും അടയുന്നു. സാഹിത്യം ഉൾവഹിക്കുന്ന അധികാരവിമർശനം പ്രാന്തവൽക്കരിക്കപ്പെടുകയും നേരെതിരിച്ച് അധികാരത്തെ സാധൂകരിക്കുന്ന ഉപാധിയായി സാഹിത്യം മാറിത്തീരുകയും ചെയ്യുന്നു. വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ സാഹിത്യചരിത്രനിർമാണശ്രമങ്ങൾക്ക് സാഹിത്യത്തെ വൈരുധ്യാത്മകമായി പരിഗണിക്കാൻ കഴിയാതെ പോയതിന്റെയും വർഗപരമായ താൽപ്പര്യങ്ങളാൽ സമകാല അഭിരുചികളിലേക്ക് വികസിക്കാൻ കഴിയാതെപോയതിന്റെയും ഇടർച്ചകൾ കൂടിയാണ് അഗ്രപൂജ വെളിപ്പെടുത്തുന്നത്. വൈജ്ഞാനികവും അക്കാദമികവും കൂടിയാണ് ഈ പരിമിതി.





## സാഹിത്യചരിത്രപാഠം എന്ന വർത്തമാനം

വൈരുധ്യാത്മകവും വർഗപരവുമായ സാഹിത്യചരിത്ര പാഠത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരിക്കാം? ശുദ്ധശാസ്ത്രീയ രീതിയിലുള്ള സങ്കൽപ്പങ്ങളെ സംശയിക്കാൻ പര്യാപ്തമാണ് വൈരുധ്യാത്മക രീതിശാസ്ത്രം. സാമാന്യ വിമർശനം, ആപേക്ഷിക വാദം ഇവയിൽനിന്നെല്ലാം വ്യത്യസ്തമാണത്. വസ്തുക്കളുടെ മാത്രമല്ല രീതികളുടെകൂടി സങ്കീർണതകൾ അത് പരിഗണിക്കുന്നു. വിഷയി/വിഷയം പോലുള്ള ആധുനികദ്വന്ദ്വങ്ങളെ വൈരുധ്യാത്മകമായി തിരിച്ചറിഞ്ഞ് അതിന് പിന്നിലുള്ള മുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്രവിവക്ഷകൾ മനസ്സിലാക്കുന്നു. മുതലാളിത്തവ്യവസ്ഥയുടെ വിധിനിർണയം അതിന്റെ പ്രാഥമികധർമമാണ്. മുതലാളിത്തം നിർമിച്ച ശകലീകൃതമായ നോട്ടങ്ങളുടെയും വിജ്ഞാനപരമായ വേർതിരിവുകളുടെയും സ്ഥാനത്ത് സാകല്യസ്വഭാവത്തിലുള്ള നോട്ടവും ലോകവീക്ഷണവും അത് സാധ്യമാക്കുന്നു. സാമൂഹിക പരിണാമം സംബന്ധിച്ച് സാകല്യസ്വഭാവത്തിലുള്ള ഒരു വിജ്ഞാനപദ്ധതിയുടെ വിഭാവനം കൂടിയാണത്. വൈയക്തികത പലപ്പോഴും ഈ വിഭാവനത്തിന് വിഘാതമായിത്തീരുന്നു.

വർഗത്തിന് മാത്രം പ്രതിനിധാനം ചെയ്യാവുന്നതാണ് ഈ സമീപനം. കൃത്യമായ വർഗാവബോധത്തിൽമാത്രം പരിഹരിക്കപ്പെടുന്നവയാണ് പ്രശ്നങ്ങൾ. അല്ലാത്തപക്ഷം പ്രശ്നങ്ങൾ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വൈരുധ്യാത്മകരീതി പ്രശ്നങ്ങളിൽ പുതിയ വെളിച്ചം നൽകുന്നു. മതപരവും സദാചാരപരവുമായ അബോധങ്ങളിൽനിന്ന് പുറത്തുകടക്കാനും എന്താണ് സമൂഹത്തിൽ സംഭവിക്കുന്നത് എന്നതിന്റെ നേർച്ചിത്രം ലഭിക്കാനും അത് കാരണമാവുന്നു. വൈരുധ്യാത്മകരീതിയുടെ ചരിത്രത്തെ അറിഞ്ഞുകൊണ്ട് അടിയന്തിരമായ പ്രയോഗമായും ജീവിതപ്രശ്നമായും അതിനെ വിപുലപ്പെടുത്തേണ്ടതുണ്ട്.

മറ്റ് വിജ്ഞാനപദ്ധതികളും മേഖലകളുമായി പുലർത്തുന്ന സംവാദാത്മകബന്ധത്തിൽനിന്നു കൂടിയാണ് ഈ വൈരുധ്യാത്മക സ്വഭാവം സാഹിത്യചരിത്രപാഠത്തിന് കൈവരുന്നത്. ആധുനികതയുടെ താൽപ്പര്യങ്ങളെ തിരിച്ചറിഞ്ഞും വർത്തമാനത്തിലേക്ക് വിമോചിക്കപ്പെട്ടും ആണ് ഇതരമേഖലകളും വിജ്ഞാനങ്ങളും വൈരുധ്യാത്മകചരിത്രത്തോട് കണ്ണിച്ചേരേണ്ടത്. അന്തർവൈജ്ഞാനികതയുമായി ബന്ധപ്പെട്ട വിശകലനത്തിൽ ജോ മോറൻ വിജ്ഞാനപദ്ധതികളെ സാമൂഹികനിർമിതിയായി പരിഗണിക്കുന്നുണ്ട്. വിജ്ഞാനപദ്ധതികളുടെ രൂപീകരണത്തിൽ പ്രവർത്തിച്ച

ISSN:2582-550X

സർവകലാശാലയടക്കമുള്ള സ്ഥാപനങ്ങളുടെ താൽപ്പര്യങ്ങളും അത് സാധ്യമാക്കിയ അധികാരഘടനയുടെ സാധൂകരണവും അദ്ദേഹം ചൂണ്ടികാണിക്കുന്നു.

ഒരു ജ്ഞാനപദ്ധതി എന്നനിലയിൽ സാഹിത്യപഠനത്തെ മോറന്റെ അന്വേഷണം കേന്ദ്രത്തിൽ നിർത്തുന്നു. ആധുനികതയുടെ ശാസ്ത്രീയയുക്തികളിലേക്ക് കടന്നുവന്നതോടെയാണ് സാഹിത്യപഠനത്തിന് വൈജ്ഞാനികപദവി ലഭിച്ചത്. സാഹിത്യം വിജ്ഞാനനിർമാണത്തിനുള്ള ഉപാധിയായി അതോടെ മാറി. പത്തൊൻപതാം നൂറ്റാണ്ടിൽ സാഹിത്യപഠനം പ്രകടിപ്പിച്ച ഭാഷാപരമായ ആഭിമുഖ്യത്തെയും ഇരുപതാം നൂറ്റാണ്ടിൽ അതിന് കൈവന്ന പ്രൊഫഷണൽ പദവിയെയും മോറൻ ചൂണ്ടികാണിക്കുന്നു. ദേശീയതയുടെ താൽപ്പര്യങ്ങളിൽ രൂപപ്പെട്ട സർവകലാശാലയടക്കമുള്ള ആധുനിക സ്ഥാപനങ്ങൾ വർത്തമാനകാലത്തിൽ ആഗോള മുതലാളിത്ത താൽപ്പര്യങ്ങളിലേക്ക് പരിവർത്തിച്ചിരിക്കുന്നു. എന്താണ് സാഹിത്യം എന്ന് സ്ഥാപനം നിർണയിക്കുന്നതോടെ അത് സവിശേഷവിഭാഗത്തിന്റേതായിത്തീരുന്നു.

സൗന്ദര്യശാസ്ത്രപരവും സൈദ്ധാന്തികവും ശാസ്ത്രീയവുമായ വ്യവഹാരങ്ങളോട് ബന്ധമുള്ള അന്തർവൈജ്ഞാനിക പദ്ധതിയായി സാഹിത്യപഠനത്തെ തിരിച്ചറിയേണ്ടതുണ്ടെന്ന് മോറൻ കരുതുന്നു. വിജ്ഞാനപദ്ധതികളെ ശരിയും ആധികാരികവുമായ വിജ്ഞാനനിർമാണത്തിനുള്ള ഉപാധിയായി പരിഗണിക്കുന്നതിനു പകരം പാഠങ്ങളും ആഖ്യാനങ്ങളുമായാണ് പരിഗണിക്കേണ്ടത്. ഒരു വിജ്ഞാനപദ്ധതിയും പാഠപരതയിൽനിന്ന് മുക്തമല്ല. ഭിന്ന പാഠങ്ങളുടെ കലർപ്പുകളിൽ നിന്നുണ്ടാകുന്നത് 'ശരിയായ ജ്ഞാന'മല്ല മറിച്ച്, വ്യാവഹാരികജ്ഞാനങ്ങളും വ്യാഖ്യാനങ്ങളുമാണ്.

അന്തർവൈജ്ഞാനികതയോടുള്ള വിമർശനാത്മകനിലയിൽ അതിന് സാമാന്യജനതയുടെ താൽപ്പര്യങ്ങളെ ചേർത്തുവെയ്ക്കാനും രാഷ്ട്രീയമാനങ്ങളിലേക്ക് വികസിക്കാനും സ്ഥാപനവൽക്കരണത്തിന് പുറത്താകാനും കഴിയേണ്ടതുണ്ട് എന്നും മോറൻ കൂട്ടിച്ചേർക്കുന്നു.' അറിവുപദ്ധതികളുടെ രൂപീകരണം സവിശേഷരിക്ഷണക്രമമായി മാറിത്തീരുന്നത് എങ്ങനെയെന്നും അറിവിന്റെ വംശാവലിയിൽ പുറത്താക്കപ്പെട്ട ജനതയുടെ താൽപ്പര്യങ്ങൾ എന്തായിരുന്നെന്നും ഉള്ള ഫൂക്കോയുടെ നിരീക്ഷണങ്ങളും ഇതിനോട് ചേർത്ത് വെയ്ക്കാവുന്നതാണ്. ഏത് അറിവും വ്യവഹാരികമാണെന്ന് ഫൂക്കോ ഉറപ്പിക്കുന്നു. ശാസ്ത്രീയമായി





കണ്ടുപിടിക്കേണ്ടതല്ല; വ്യവഹാരികമായി വ്യാഖ്യാനിക്കപ്പെടേണ്ടതാണ് അറിവ്.

ഈ കാഴ്ചയിൽ അഴിച്ചുപണിയപ്പെടേണ്ടതാണ് സാഹിത്യചരിത്രവും. ആധുനികവും ശാസ്ത്രീയവുമായ ചരിത്രാത്മകഗവേഷണരീതിയേക്കാൾ വൈരുധ്യാത്മകരീതി ചരിത്രഗവേഷണത്തിനും ചരിത്രവിജ്ഞാനീയത്തിനും സഹായകമാവുന്നു. സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പുനർനിർമാണത്തിനുള്ള ഉപാധിയായി അത് മാറിത്തീരുന്നു. വൈരുധ്യാത്മകചരിത്രപാഠം ചരിത്രനിർമാണസങ്കേതങ്ങളെ ചരിത്രപരമായി തന്നെ തിരിച്ചറിയുന്നു. സമകാലികമായ വർഗസങ്കൽപ്പങ്ങളെയും വർഗബന്ധങ്ങളെയും അഭിമുഖീകരിച്ച് സാഹിത്യചരിത്ര നിർമാണത്തെ വിമോചനോപാധിയായി പരിഗണിക്കുന്നു.

നിരന്തരം നവീകരിക്കപ്പെട്ടും പരസ്പരപൂരകമായും നിലകൊള്ളുന്ന രണ്ടു മണ്ഡലങ്ങളായി സാഹിത്യചരിത്രത്തെയും സാഹിത്യഗവേഷണത്തെയും പരിഗണിക്കേണ്ടതുണ്ട്. സാഹിത്യഗവേഷണത്തിന്റെ സുപ്രധാന ഫീൽഡും പ്രാഥമിക ഉപാദാനങ്ങളിലൊന്നുമാണ് സാഹിത്യചരിത്രങ്ങൾ. ഗവേഷണത്തെ ചരിത്രോന്മുഖമാക്കാൻ സാഹിത്യചരിത്രങ്ങൾ സഹായകമാവുന്നു. സാഹിത്യചരിത്രത്തിന് ഉണ്ടാകേണ്ടുന്ന വൈജ്ഞാനികസ്വഭാവവും തിരിച്ച് ഗവേഷണത്തിന് കൈവരേണ്ടുന്ന ചരിത്രോന്മുഖതയും പരസ്പരബന്ധിതവും പ്രസക്തവുമായി നിലകൊള്ളുന്നു. 'ജീവിക്കുന്ന വൈരുധ്യം'(Living Dialect)' എന്ന നിലയിലുള്ള സാഹിത്യത്തിന്റെ നിലയും വർഗോന്മുഖമായ ചരിത്രം എന്ന ചരിത്രപദവിയും അർത്ഥപൂർണമാകുന്നത് ഇങ്ങനെയാണ്.

## കുറിപ്പുകൾ

1. സാഹിത്യവിമർശനവും സാഹിത്യപഠനവുമായെല്ലാമാണ് അഗ്രപൂജ പരിഗണിക്കപ്പെട്ടുപോന്നത്.
2. ലീലാതിലകം, ഉണ്ണുനീലിസന്ദേശം തുടങ്ങിയ കൃതികൾക്കുള്ള ശൂരനാട്ടിന്റെ വ്യാഖ്യാനങ്ങൾ ശുദ്ധപാഠത്തെ കണ്ടെടുക്കുക, ആധുനികവും ശാസ്ത്രീയവുമായ മാനങ്ങളിൽ ശരിയായ അർത്ഥത്തെ വിവരിക്കുക എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തുന്നു. ലിപി പരിഷ്കരണം, സർവവിജ്ഞാനകോശനിർമാണം തുടങ്ങിയ വൈജ്ഞാനികപ്രവർത്തനങ്ങളുടെയും ആധാരം ഈ ശാസ്ത്രീയത തന്നെ.
3. മാർക്സിന്റെയും ഹെഗലിന്റെയും രീതിശാസ്ത്രപരവും സാഹിത്യപരവുമായ പാരമ്പര്യങ്ങളെ പരിഷ്കരിക്കുമ്പോൾ ലെനിൻ പ്രശ്നങ്ങളെ പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്യൻ വിപ്ലവങ്ങളുടെ ആഭ്യന്തരചരിത്രവുമായി ബന്ധപ്പെടുത്തുന്നുണ്ട്. റോസാ

ലക്സംബർഗിന്റെ സാഹിത്യചരിത്രപരമായ സമീപനങ്ങളിലാവട്ടെ, മുതലാളിത്തത്തിനെതിരെയുള്ള സമരത്തോടും അതിജീവനത്തോടും ബന്ധപ്പെടുത്തി ഇത് വിപുലപ്പെടുത്തുന്നു. ഇതിന്റെ തുടർച്ചയാണ് ലൂക്കാച്ചിന്റെ നിരീക്ഷണങ്ങൾ.

4. "The fetishistic character of economic forms, the reification of all human relations, the constant expansion and extension of the division of labour which subjects the process of production to an abstract,rational analysis, without regard to the human potencialities and abilities of the immediate producers, all these things transform the phenomena of society and with them the way in which they are perceived. In this way arise the isolated facts,isolated complexes of facts,seperate, specialist disciplines( Economics, Law etc) whose very appearence seems to have done much to pave the way for such scientific methods"(1968:P.6)

5. Joe Moran, Interdisciplinarity
മാർക്സിസ്റ്റ് ആലോചനകളിൽ അന്തർവൈജ്ഞാനികത എന്നതിന് സാമാന്യമായി രണ്ട് അർത്ഥങ്ങൾ കൈവരുന്നുതായി മോറൻ സൂചിപ്പിക്കുന്നു. സാഹിത്യം, സംസ്കാരം, ചരിത്രം എന്നിവയുമായുള്ള പരസ്പരബന്ധമാണ് ഒന്നാമത്തേത്. രണ്ടാമതാകട്ടെ, മാർക്സിയൻ ദർശനത്തിൽനിന്നുകൊണ്ട് വ്യത്യസ്ത ജ്ഞാനപദ്ധതികളെ വിളക്കിച്ചേർക്കുക എന്നതാണ്. ഒരു വായനയ്ക്ക് കൈവരാവുന്ന പരമാവധി വിപുലനമാണത്.

6. ജെ. റാൻസിയറുടെ നിരീക്ഷണം.

## ഗ്രന്ഥസൂചി


കുഞ്ഞൻപിള്ള ശൂരനാട്, 1979, അഗ്രപൂജ, ശ്രീവരാഹം ഭാസ്കരൻ നായർ (പ്രസാ.), തിരുവനന്തപുരം.

കുഞ്ഞൻപിള്ള ശൂരനാട്, 1955, ഉണ്ണുനീലിസന്ദേശം പഠനവും വ്യാഖ്യാനവും,

പി. ഗോവിന്ദപിള്ള, വി.വി.ബുക്ക് ഡിപ്പോ, ചാല, തിരുവനന്തപുരം.

പരമേശ്വരയ്യർഎസ് ഉള്ളൂർ,2016,കേരളസാഹിത്യചരിത്രം,കേരളസർവകലാശാല.

Joe Moran,2007, Interdisciplinarity,Routledge, London.

Lukacs,1968, History and class consciousness studies in marxian dialectics, Rodney Living stone (Trans.), Merlin Press, London.



രാധാകൃഷ്ണൻ ഇളയിടത്ത്
അസോസിയേറ്റ് പ്രൊഫസർ
സാഹിത്യപഠനസ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
വാക്കാട് പി.ഒ
പിൻ: 676502
ഫോൺ: +91 9633165507
email: elayidathrk@gmail.com






# ആധുനികതയുടെ സമാന്തരപാതകൾ: ജോർജ് ഓണക്കൂർ കഥകളുടെ വായനകൾ

ഡോ. സ്റ്റാലിൻദാസ് പടിഞ്ഞാറെ പുരക്കൽ


ചെറുകഥാകൃത്ത് എന്നതിനേക്കാൾ നോവലിസ്റ്റ് എന്ന നിലയിൽ അറിയപ്പെടുന്ന എഴുത്തുകാരനാണ് ജോർജ് ഓണക്കൂർ. അപൂർവ്വമായി മാത്രം കഥാരചനയുടെ ലോകത്ത് പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന ഓണക്കൂറിന്റെ കഥാലോകം വലിയ സവിശേഷതകളുള്ളതാണ്. ആധുനികതാപ്രസ്ഥാനം മലയാള കഥയേയും നോവലിനേയും അഴിച്ചുപണിയുന്ന ചരിത്രഘട്ടത്തിലാണ് ഓണക്കൂർ കഥകളെഴുതിത്തുടങ്ങുന്നതെങ്കിലും ജീവിതാഭിമുഖമല്ലാത്ത ആധുനിക പ്രവണതകളോട് അകന്നാണ് ആ കഥകളുടെ നിൽപ്പ്. സാഹിത്യാധുനികതയുടെ മുദ്രകൾ നിറഞ്ഞ ആഖ്യാന പ്രവണതകളെ അവഗണിച്ച് പ്രമേയം, ഭാഷ, ശൈലി എന്നിവയിലെല്ലാം മൗലികമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ആധുനികതയുടെ മഹാപ്രവാഹത്തിന് സമാന്തരമായി നീങ്ങുകയാണ് ഓണക്കൂർ കഥകൾ. ആഖ്യാനത്തിന്റെ സങ്കീർണ്ണതകളിലോ പരീക്ഷണ പ്രവണതകളിലോ അഭിരമിക്കാതെ ജീവിതത്തോടും ജീവിതാനുഭവങ്ങളോടും സത്യസന്ധമായി പ്രതികരിക്കുന്നു ആ കഥകൾ. ആധുനികത സ്ഥാപിച്ചെടുത്ത രചനാപരിസരത്തുനിന്നും ഓണക്കൂർ കഥകൾ വഴി മാറി നടന്നതിന്റെ അടയാളങ്ങളെ തിരിച്ചറിയാൻ ശ്രമിക്കുകയാണ് പ്രബന്ധം ചെയ്യുന്നത്.


**താക്കോൽ വാക്കുകൾ**: ആധുനികത, ചെറുകഥ, ആഖ്യാനം, കാല്പനികത, ഗൃഹാതുരത

മലയാള നോവലിലും, കഥയിലും ആധുനികത ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ സജീവമായിത്തീരുന്നത് തൊള്ളായിരത്തി എഴുപതുകളിലാണ്. സാമ്പ്രദായികപ്രമേയങ്ങ



19